III. സബ്മിഷൻ

(1) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ ദൗർലഭ്യം

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)* : സർ, കേരളത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന മരുന്നിന്റെ ക്ഷാമം ജനങ്ങളിലാകെ ഉത്കണ്ഠ വളർത്തിയിരിക്കുകയാണ്. "വാറ്റ്" സംബന്ധിച്ചുള്ള നിയമം നടപ്പിലാക്കിയതോടുകൂടി മരുന്ന് വ്യാപാരികൾ നടത്തിയ സമരം പിൻവലിച്ചുവെങ്കിലും ഡയബറ്റിസ്, ബ്ലഡ് പ്രഷർ എന്നിവയ്ക്കുള്ള മരുന്നുകളിൽ ചിലത് മാത്രമേ കിട്ടുന്നുള്ളു. ആവശ്യമുള്ളത് കിട്ടുന്നില്ല, കൂടാതെ വിലയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള ഉത്കണ്ഠാജനകമായ സ്ഥിതി ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മരുന്ന് കിട്ടുന്നതിനാവശ്യമായിട്ടുള്ള അടിയന്തിര നടപടികൾ വളരെ അത്യന്താപേക്ഷിതമായിരിക്കുന്ന ഒരു സന്ദർഭമാണിത്. മരുന്ന്, വിശേഷിച്ച് ജീവൻരക്ഷാ മരുന്നുകൾ, ലഭിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷൻ കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)* : സർ, സംസ്ഥാനത്ത് "വാറ്റ്" നടപ്പിലാക്കുന്നതിൽ പ്രതിഷേധിച്ച് All Kerala Chemists and Druggists Association-ന്റെ ആഹ്വാനപ്രകാരം ഔഷധ മൊത്തവ്യാപാരികൾ മരുന്നുകൾ വാങ്ങുന്നത് നിർത്തിവച്ചിരുന്നു. 16-2-2005-ന് ശേഷം അവർ കമ്പനികൾക്ക് ഓർഡർ നൽകിയിരുന്നില്ല. മൊത്ത-ചില്ലറ വിൽപ്പനശാലകളിൽ ധാരാളം മരുന്നുകൾ സ്റ്റോക്ക് ചെയ്തിരുന്നതുകൊണ്ട് അത്യാവശ്യ മരുന്നുകൾക്ക് ക്ഷാമം നേരിട്ടിരുന്നില്ല. എന്നാൽ ഇപ്പോൾ ചുരുക്കം ചില പ്രദേശങ്ങളിൽ മരുന്നുകൾ ലഭ്യമാകുന്നില്ല എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 9-3-2005-ൽ ഞാൻ സംഘടനാ നേതാക്കളുമായി ഈ പ്രശ്നം ചർച്ച ചെയ്യുകയും അതിനെത്തുടർന്ന് അത്യാവശ്യം മരുന്നുകളുടെ സ്റ്റോക്ക് എടുത്തുതുടങ്ങാൻ വ്യാപാരികൾ സമ്മതിക്കുകയും ചെയ്തിരുന്നു. അതിനുശേഷം വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യവകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഞാനടക്കം ബന്ധപ്പെട്ട വ്യാപാരി അസോസിയേഷൻ നേതാക്കളുമായി ചർച്ച നടത്തുകയുണ്ടായി. അതിന്റെ ഫലമായി സമരം പിൻവലിച്ചതായി ഔഷധ വ്യാപാരിസംഘം അറിയിച്ചിരുന്നുവെങ്കിലും പല വ്യാപാരികളും സ്റ്റോക്ക് എടുക്കാൻ തയ്യാറായിട്ടില്ല. തുടർന്ന് നടത്തിയ പരിശോധനകളിൽ സ്റ്റോക്ക് എടുക്കാൻ തയ്യാറാകാതിരുന്ന മൊത്ത വ്യാപാരികൾക്ക് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ കാരണം കാണിക്കൽ നോട്ടീസ് നൽകി. മരുന്നുകൾ ആവശ്യാനുസരണം വിതരണം ചെയ്യാതിരുന്ന 21 വ്യാപാരികളുടെ

LIBRARY ARCHIVES Kerala Legislative Assembly